**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് വണ്ടിത്താവളം കെ.കെ.എം ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (പൊളിറ്റിക്കൽ സയൻസ്) ശ്രീ. ശ്രീകുമാർ പി.റ്റി.ക്ക് ചികിത്സ ചെലവ് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2577/2024/GEDN തീയതി, തിരുവനന്തപുരം, 05-04-2024**

പരാമർശം:-
1. പാലക്കാട് വണ്ടിത്താവളം കെ.കെ.എം ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (പൊളിറ്റിക്കൽ സയൻസ്) ശ്രീ. ശ്രീകുമാർ പി.റ്റി.യുടെ 10/08/2021 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/04/2023-ലെ (എൽ- ഡിസ്) എം.ആർ.6/22334/2022 /ആ.വ.ഡ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കൻഡറി വിഭാഗം) 25/05/2023-ലെ എസിഡി.എ 2/230485/2022/എച്ച്എസ്സ്ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് വണ്ടിത്താവളം കെ.കെ.എം ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (പൊളിറ്റിക്കൽ സയൻസ്) ശ്രീ. ശ്രീകുമാർ പി.റ്റി.യുടെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് പാലക്കാട് ചിറ്റൂർ ലക്ഷ്മി ആശുപത്രിയിൽ 05/06/2021 മുതൽ 08/06/2021 വരെയുള്ള കാലയളവിൽ ചെലവായ തുക പ്രതിപൂരണം ചെയ്യണമെന്നാവശ്യപ്പെട്ട് പരാമർശം 1 അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം) മുഖേന സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കി 1,49,629/- രൂപയുടെ (ഒരു ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി അറുന്നൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) അനുവദനീയതയുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2)** സർക്കാർ ടി അപേക്ഷ വിശദമായി പരിശോധിച്ചു. പാലക്കാട് വണ്ടിത്താവളം കെ.കെ.എം ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (പൊളിറ്റിക്കൽ

സയൻസ്) ശ്രീ. ശ്രീകുമാർ പി.റ്റി.യുടെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് പാലക്കാട് ചിറ്റൂർ ലക്ഷ്മി ആശുപത്രിയിൽ 05/06/2021 മുതൽ 08/06/2021 വരെയുള്ള കാലയളവിൽ ചെലവാക്കിയതും ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയത നൽകിയതുമായ തുകയായ **1,49,629/- രൂപയുടെ** 80% ആയ **1,19,703/- രൂപ (ഒരു ലക്ഷത്തി പത്തൊൻപതിനായിരത്തി എഴുന്നൂറ്റി മൂന്ന് രൂപ മാത്രം),** പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കഡറി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
(മെഡിക്കൽ ബിൽ സഹിതം രജിസ്റ്റേഡ് തപാലിൽ).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യസ മേഖലാ ഉപഡയറക്ടർ(ഹയർ സെക്കൻഡറി),
സിവിൽ സ്റ്റേഷൻ, മലപ്പുറം.
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
പ്രധാനാദ്ധ്യാപകൻ, കെ.കെ.എം ഹയർ സെക്കന്ററി സ്കൂൾ,
വണ്ടിത്താവളം, പാലക്കാട്.
ശ്രീ. ശ്രീകുമാർ പി.റ്റി, ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (പൊളിറ്റിക്കൽ
സയൻസ്), കെ.കെ.എം ഹയർ സെക്കൻഡറി സ്കൂൾ,
വണ്ടിത്താവളം, പാലക്കാട്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (3.2.2024-ലെ ജി2/913/
2023/H&FWD പ്രകാരം).
ധനകാര്യ (ലോൺസ്) വകുപ്പ് (22/03/2024-ലെ
ലോൺസ്-എൽ 2/144/2024/ധന.(E 2731491) പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 05-04-2024 16:37:01
സെക്ഷൻ ഓഫീസർ